# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5 (*61 & *71) മരുന്നുകളുടെ ഗുണനിലവാരം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, വിപണിയിൽ ഇറങ്ങുന്ന ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം ഉടൻതന്നെ ഡ്രഗ് ഇൻസ്പെക്ടർമാർക്കും കെമിസ്റ്റിനും മറ്റുള്ളവർക്കും എസ്.എം.എസ് വഴി ലഭ്യമാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടക്കം കുറിച്ചിട്ടുള്ളതിനാൽ ഈ മരുന്നുകൾ വിപണിയിൽ നിന്ന് എത്രയും പെട്ടെന്ന് ഒഴിവാക്കുന്നതിന് സാധിക്കുമെന്ന് സഭയെ അറിയിച്ചു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും വിവരങ്ങൾ യഥാസമയം ലഭ്യമാകുന്നതുകൊണ്ടും ഇത് ഒരു തെളിവായി സ്വീകരിക്കാമെന്നതുകൊണ്ടും ഭരണതലത്തിൽ ഈ സംവിധാനത്തിന് അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ മാത്രമേ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കു

ന്നുള്ളൂ. ഈ ലബോറട്ടറിയിൽ വർഷത്തിൽ ഏകദേശം 4000 സാമ്പിൾ മരുന്നുകൾ പരിശോധിക്കുന്നുണ്ട്. പരിശോധനാവേളയിൽ ഗുണനിലവാരമി ല്ലെന്ന് ബോധ്യപ്പെടുന്ന മരുന്നുകൾ വിപണിയിൽ നിന്ന് പിൻവലിക്കുകയും അവ വിൽക്കുന്നില്ലെന്ന് ഡ്രഗ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ഉറപ്പു വരു ത്തുകയും ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരമില്ലാത്ത ഇൻസുലിനുകളും പ്രതിരോധ കുത്തിവയ്പ് മരുന്നുകളും വിപണിയിൽ ലഭ്യ മാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ അവ സെൻട്രൽ റിസർച്ച് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് വിപണിയിൽ എത്തിക്കുന്നത്. ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമപ്രകാരം ഗുണനിലവാരം ഉറപ്പാക്കിയ ശേഷം മാത്രമേ മരുന്നുകമ്പനികൾ ഇത്തരം മരുന്നുകൾ വിപണിയിലിറക്കാൻ പാടുള്ളൂ. കേരളത്തിലെ ലാബിൽ ഇത്തരം മരുന്നുകൾ പരിശോധിക്കാൻ സംവിധാനം ഇല്ലാത്തതിനാൽ ഇവ വിപണി യിൽ നിന്നും റാൻ്റം ആയി ശേഖരിച്ച് ഇന്ത്യയിലെ അംഗീകൃത ലാബിൽ അയച്ച് റിപ്പോർട്ട് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇവ $2-8^{0}$ സെൽഷ്യസ് ഊഷ്മാവിൽ സൂക്ഷിച്ച് വിമാനമാർഗ്ഗേയാണ് ലബോറട്ടറിയിൽ എത്തിക്കേണ്ട ത് എന്നതിനാൽ ഇവയുടെ പരിശോധനയിൽ പരിമിതികളുണ്ട്. മരുന്നുകൾ ശരിയായ അന്തരീക്ഷത്തിലും ഊഷ്മാവിലും സൂക്ഷിച്ച് വിപണനം ചെയ്യുന്ന തിന് വിതരണക്കാരും ബാധ്യസ്ഥരാണ്. മരുന്നുകളുടെ വിലനിലവാരം നിയ ന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്, സംസ്ഥാന ഗവൺമെന്റിന് അതിൽ പരി മിതികളുണ്ട്. വില വർദ്ധനവിന്റെ സാഹചര്യത്തിൽ സാധാരണ ജനങ്ങളെ സഹായിക്കുന്നതിനായി അഞ്ച് മെഡിക്കൽ കോളേജുകളിലും മൂന്ന് ജനറൽ

ആശുപത്രികളിലും ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി നവംബർ-1 മുതൽ ആരംഭിച്ചിട്ടുണ്ട്. ആറുമാസത്തിനുള്ളിൽ ജില്ലാ ആശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും കൂടി ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിപ്രകാരം എസൻഷ്യൽ ഡ്രഗ് ലിസ്റ്റിലുള്ള 518 മരുന്നുകളും റെഗുലർ ഡ്രഗ് ലിസ്റ്റിലുള്ള 327 മരുന്നുകളും ആന്റി ക്യാൻസർ ഡ്രഗ് ലിസ്റ്റിലുള്ള 107 മരുന്നുകളുമടക്കം 939 ഐറ്റം മരുന്നുകളാണ് സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നത്. ഇതിൽ 148 ഇനം മരുന്നുകൾക്ക് ടെണ്ടർ ക്വാട്ട് ചെയ്തിട്ടില്ലാത്തതിനാൽ അവ കാരുണ്യ ഫാർമസി വഴി വാങ്ങി വിതരണം ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ വഴി ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നും ചികിത്സയും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ന്യായവിലയ്ക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് 38 കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനും എച്ച്.ഡി.സി.യുടെ പേയിംഗ് കൗണ്ടറുകൾ വഴിയും നീതിസ്റ്റോറുകൾ വഴിയും ന്യായവിലയ്ക്ക് മരുന്നുവിതരണം ചെയ്യുന്നതിനും 500 രൂപയ്ക്ക് കാരുണ്യ മെഡിസിൻ കാർഡ് എടുക്കുന്നവർക്ക് മരുന്ന് വീട്ടിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാക്കനാട് അടുത്ത വർഷംതന്നെ പുതിയ ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിക്കുമെന്നും കോന്നി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽക്കൂടി ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പിടിച്ചെ

ടുക്കുന്നതിനായി റെയ്ഡ് നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും മെഡിക്കൽ കോളേജുകളിൽ മരുന്ന് വിതരണം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ആർ.എം.ഒ. മാരുടെ നേതൃത്വത്തിൽ മോണിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മരുന്ന് വിതരണരംഗത്ത് നിലനിൽക്കുന്ന ആശാസ്യമല്ലാത്ത പ്രവണതകളെ കർശനമായി നേരിടുമെന്നും ആവശ്യമുള്ള മരുന്നുകൾ പൊതുമേഖലയിൽ നിന്നും കർശനമായ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ വാങ്ങുമെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി സഭയെ അറിയിച്ചു.

6 (*62) <u>വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) നൽകിയ മറുപടിയിൽ, ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും പ്രകൃതിക്ക് കോട്ടം വരുത്താതെ കേരളത്തിന്റെ സാംസ്കാരിക പൈതൃകം മുറുകെ പിടിച്ചുകൊണ്ട് പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെ ആസൂത്രിത വികസനം നടപ്പിൽ വരുത്തുന്നതിനും സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുവെന്ന് സഭയെ അറിയിച്ചു. ഇക്കാര്യത്തിൽ പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി KITTS -ന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ, ലോക്കൽ ലെവൽ ഗൈഡുകൾക്ക് പരിശീലനം നൽകിവരുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർ ടൂറിസം വകുപ്പിൽ നിന്നും ലൈസൻസ് സർട്ടിഫിക്കറ്റ് ലഭി

ക്കുന്ന മുറയ്ക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളായി പ്രവർത്തിക്കുകയാണ്. കൊച്ചിൻ കോർപ്പറേഷന്റെ അപേക്ഷ പ്രകാരം തെരഞ്ഞെടുത്ത് ഗൈഡ് ട്രെയിനിംഗ് നൽകിയിട്ടുള്ള യുവതീയുവാക്കളുടെ സേവനം പൊതു സ്വകാര്യ മേഖലകളിലെ ടൂർ ഓപ്പറേറ്റർമാരും മറ്റ് സേവനദാതാക്കളും ഉപയോഗിച്ച് വരുന്നു. സംസ്ഥാനത്തെ ചരിത്ര പ്രാധാന്യമുള്ള കേന്ദ്രങ്ങൾ, പൈതൃക ശേഷിപ്പുകൾ, പ്രകൃതി ഭംഗിയുള്ള സ്ഥലങ്ങൾ തുടങ്ങിയവ ബന്ധപ്പെടുത്തി വിദേശടൂറിസ്റ്റുകൾക്കുവേണ്ടിയും ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങളിൽ സ്വദേശീയരും വിദേശിയരും ആയ ടൂറിസ്റ്റുകൾക്കുവേണ്ടിയും പ്രത്യേക ഗ്രാമീണ ടൂറിസം പാക്കേജുകൾക്ക് രൂപം നൽകുന്നുണ്ട്. ഇവ പരിചയപ്പെടുത്തുന്നതിന് യുവതീയുവാക്കൾക്ക് സൗജന്യ പരിശീലനം നൽകുന്നുണ്ട്. കോവളം, കുമരകം, വയനാട് എന്നീ സ്ഥലങ്ങളിൽ ഈ പ്രത്യേക പാക്കേജുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഹുണാർ-സെ-റോസ്ഗാർ പദ്ധതിപ്രകാരം വനപ്രദേശങ്ങളെ കേന്ദ്രീകരിച്ച് നേച്ചർ ഗൈഡ് ട്രെയിനിംഗ് കോഴ്സ് നടത്തുന്നതിനുള്ള അപേക്ഷ കേന്ദ്ര ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മ്യൂസിയത്തിൽ നടപ്പാക്കിയിട്ടുള്ള ഓഡിയോ ഗൈഡ് സംവിധാനം വിജയകരമാകുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ അത് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. രാജസ്ഥാനിലെ പാലസ് ഓൺ വീൽസ്, കർണ്ണാടകയിലെ ഗോൾഡൻ ചാരിയറ്റ് എന്നിവയുടെ മാതൃകയിൽ കേരളത്തിലും സാധാരണക്കാർക്കുകൂടി പ്രാപ്യമാകുന്ന രീതിയിൽ സംവിധാനമൊരുക്കാനും കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം റെയിൽവേ സ്റ്റേഷനുകളിൽ ടൂറിസ്റ്റ് ലോഞ്ച് നടപ്പാക്കാനും ആലപ്പുഴയും ബേക്കലും ടൂറിസ്റ്റ് റെയിൽവേ സ്റ്റേഷൻ എന്ന രീതിയിൽ

മോഡിഫൈ ചെയ്യാനുമുള്ള പദ്ധതികൾ റെയിൽവേയുമായി ചർച്ച ചെയ്ത് നടപ്പാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് മാസ്റ്റർ പ്ലാൻ പൂർത്തിയായി വരികയാണെന്നും സീപ്ലെയിൻ പദ്ധതി ജനുവരി 31-ന് മുമ്പ് പ്രാവർത്തികമാക്കുമെന്നും അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് നിയന്ത്രണത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടെന്നും റാണിപുരത്തെ ടൂറിസം കോട്ടേജുകൾ ഡി.റ്റി.പി.സി.-യെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മൂന്നാറിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും നിള പൈതൃക പദ്ധതി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*63 & *73) <u>ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ലേലം</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകൾക്ക് പ്രത്യേക കരാർ ഏർപ്പെടുത്താറില്ലെങ്കിലും ക്ഷേത്രാചാരങ്ങൾക്ക് പുറമെ നാളികേര ശിഷ്ടം എടുക്കുന്നതിനും പനിനീർ, ശാമ്പ്രാണി എന്നിവ വിൽക്കുന്നതിനും ചെരുപ്പ് സൂക്ഷിക്കുന്നതിനുമുള്ള അവകാശം തുടങ്ങിയവ ലേലം ചെയ്ത് നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ശബരിമലയിൽ നാളികേരം എടുക്കുന്നതിനും വെടി കുത്തക, ഹോട്ടലുകൾ, സ്റ്റാളുകൾ, എസ്.ടി.ഡി ബൂത്തുകൾ, കംഫർട്ട് സ്റ്റേഷനുകൾ, വിരി ഷെഡുകൾ തുടങ്ങിയവ നടത്തുന്നതിനുമുള്ള അവകാശം എന്നിവ ലേലം ചെയ്തു നൽകാറുണ്ട്. ശബരിമലയിൽ മുൻ

വർഷം ലേല തുക 24,40,34,323/- രൂപയായിരുന്നെങ്കിൽ ഈ വർഷം അത് 26,11,93,068/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട് ലേല നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് അന്വേഷണം നടത്തി വിവരം അടിയന്തരമായി സർക്കാരിനെ അറിയിക്കുവാൻ ദേവസ്വം ബോർഡ് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വരും വർഷങ്ങളിൽ ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ ലേല നടപടികളിൽ ആവശ്യ മായ മാറ്റങ്ങൾ വരുത്തണമെന്ന് ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. ശബരി മലയിൽ ഭക്തജനങ്ങൾക്ക് വിതരണം ചെയ്ത ഉണ്ണിയപ്പത്തിൽ സി.എഫ്. ആർ.ഡി ലാബ് നടത്തിയ പരിശോധനയിൽ വിഷാംശം കലർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. പൂപ്പൽ ബാധിച്ചതും ആ ബാച്ചിൽപ്പെട്ടതുമായ മുഴുവൻ അപ്പങ്ങളും വിതരണം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേലിൽ ഉണ്ണിയപ്പം കേടുകൂടാതെ നിർമ്മിച്ചു സൂക്ഷിക്കുന്നത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എഫ്.ടി.ആർ.ഐ-യുടെ സേവനം ഇക്കാര്യ ത്തിൽ പ്രയോജനപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. പൂപ്പൽ ബാധയെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ദേവസ്വം ബോർഡ് വിജിലൻസ് പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ദേവസ്വം ബോർഡിന്റെ കാലാവധി തീർന്നതിനെത്തുടർന്ന് പുതിയ ബോർഡ് വരുന്നതുവരെയോ ശബരിമല-മണ്ഡല-മകര വിളക്ക് സീസൺ അവസാനിക്കുന്നതുവരെയോ ഇതിൽ ഏതാണ് അവസാനം വരുന്നത് അതുവരെ ശ്രീ. കെ. ജയകുമാറിനെ അദ്ദേഹത്തിന്റെ പരിചയ സമ്പത്ത് കണക്കിലെടുത്ത് ചീഫ് കമ്മീഷണറായി

തുടരുവാൻ 12-10-2012-ൽ കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11-11-2012-ൽ പുതിയ ബോർഡ് നിലവിൽ വന്നതിനെത്തുടർന്ന് വിവിധ സർക്കാർ വകുപ്പുകളുടെ കോ-ഓർഡിനേഷൻ കാര്യക്ഷമമായി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ 14-11-2012-ൽ ഗവൺമെന്റ് ചീഫ് കോ-ഓർഡിനേറ്ററായും അദ്ദേഹത്തെ നിയമിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന നിയമനങ്ങൾക്കുവേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ദേവസ്വം ബോർഡിൽ മൂന്ന് പൊതു അംഗങ്ങളെ നിയമിക്കുന്നതിന് യാതൊരു നിയമതടസ്സവുമില്ല. ഗതാഗതം നിരോധിച്ച പുല്ലുമേട് - കോഴിക്കാനം റോഡിന് പകരം കണ്ടെത്തിയ റോഡ് എത്രയും വേഗം സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പുനലൂർ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം അടുത്തവർഷം പരിഗണിക്കുന്നതാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 719 മുതൽ 1056 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)